# അക്കാദമിക് മാസ്റ്റർ പ്ലാൻ

എ എൽ പി സ്കൂൾ തൃപ്രങ്ങോട്

# ആമുഖം

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിലെ തൃപ്രങ്ങോട് ആനപ്പടി പ്രദേശത്ത് പുരാണ പ്രസിദ്ധമായ തൃപ്രങ്ങോട് മഹാശിവക്ഷേത്രത്തിനും പാലോത്തുപറമ്പ് പള്ളിക്കും സമീപമാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത് . കുടിപ്പള്ളിക്കൂടമായി തുടങ്ങിയ ഈ വിദ്യാലയം 1921 ലാണ് സ്ഥാപിക്കപ്പെട്ടത് . നാടിന്റെ സാംസ്കാരികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ വളർച്ചയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകാൻ നാളിതു വരെയുള്ള പ്രവർത്തനങ്ങളിലൂടെ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട് .

സൗജന്യവും നിർബന്ധിതവുമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണെന്ന് ഉത്തമബോധ്യം ഉള്ളതുകൊണ്ടുതന്നെ മാനേജ്മെന്റിന്റേയും PTA കമ്മറ്റിയുടേയും നാട്ടുകാരുടെയും പൊതുസമൂഹത്തിന്റേയും സഹായ സഹകരണത്തോടെ നിലവിലെ പരിമിതികൾ മറികടന്നു സകല മേഖലകളിലും വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തന പദ്ധതികളാണ് ഇവിടെ അവതരിപ്പിക്കുന്നത്

# ഉള്ളടക്കം


- ആമുഖം
- അടിസ്ഥാന വിവരങ്ങൾ
- നിലവിലെ അവസ്ഥാവിശകലനം
- സമഗ്ര വിദ്യാലയ വികസന പദ്ധതി ലക്ഷ്യങ്ങൾ
- വികസന പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിംഗ്
- ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എ എൽ പി എസ് തൃപ്രങ്ങോട് |
| വിലാസം | : | തൃപ്രങ്ങോട് പോസ്റ്റ് ,തിരൂർ<br>മലപ്പുറം-676108 |
| സ്കൂൾകോഡ് | : | 19759 |
| റവന്യൂജില്ല | : | മലപ്പുറം |
| വിദ്യാഭ്യാസജില്ല | : | തിരൂർ |
| വിദ്യാഭ്യാസ ഉപജില്ല | : | തിരൂർ |
| ബി ആർ സി | : | തിരൂർ |
| സി ആർ സി | : | ചമ്രവട്ടം |
| പഞ്ചായത്ത് | : | തൃപ്രങ്ങോട് |
| ബ്ലോക്ക് പഞ്ചായത്ത് | : | തിരൂർ |
| ജില്ലാപഞ്ചായത്ത് | : | മലപ്പുറം |
| ലോക്സഭാമണ്ഡലം | : | പൊന്നാനി |
| നിയമസഭാമണ്ഡലം | : | തവനൂർ |
| വില്ലേജ് | : | തൃപ്രങ്ങോട് |
| ഇ-മെയിൽ | : | alpstriprangode@gmail.com |
| ബ്ലോഗ് | : | alpstriprangode.blogspot.in |

# സമഗ്ര വിദ്യാലയ വികസന പദ്ധതി ലക്ഷ്യങ്ങൾ

- ഹ്രസ്വകാല, മധ്യകാല, ദീർഘകാല ലക്ഷ്യത്തോടെയുള്ള പദ്ധതികൾ തയ്യാറാക്കി വിദ്യാലയത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കൽ
- തുല്യത, ഗുണത എന്നിവ ഉറപ്പാക്കൽ
- ശിശുസൗഹൃദാന്തരീക്ഷമൊരുക്കൽ
- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് എല്ലാ ജനവിഭാഗങ്ങൾക്കും സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കൽ
- ഭാഷ , ഗണിതം ,ശാസ്ത്രം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ പഠനനേട്ടങ്ങളും മികച്ച സൗകര്യങ്ങളിൽ മികവാർന്ന രീതിയിൽ നേടുന്നതിനുള്ള സാഹചര്യമൊരുക്കൽ
- മികച്ച ഭൗതീക സൗകര്യം ഒരുക്കൽ
- വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കൽ
- കുട്ടിയുടെ സർവ്വതോന്മുഖവികസനത്തിനുതകും വിധം സ്കൂൾ പഠനാന്തരീക്ഷത്തെ മാറ്റിയെടുക്കൽ

# വികസന പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| • **Academic Supporting Application for Parents (ASAP)**<br>• ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ<br>• വായനാവസന്തം<br>• എഴുത്തുകൂട്ടം<br>• പാവനാടക പരിശീലന ശില്പശാല<br>• ലൈബ്രറി ശാക്തീകരണം<br>• **Easy English**<br>• ഇംഗ്ലീഷ് കോർണർ<br>• പദപ്രശ്ന നിർമ്മാണം<br>• **Communicative English Class**<br>• **English Puzzles**<br>• **My Own Word Book**<br>• സ്കൂൾ അസംബ്ലി<br>• ഗണിതലാബ് സജ്ജീകരിക്കൽ<br>• ഗണിത പാർക്ക്<br>• ഗണിത വിജയം<br>• ശാസ്ത്ര ലാബ്<br>• **Magic Science**<br>• അറബിക് മധുരം<br>• സഹവാസ ക്യാമ്പ്<br>• കമ്പ്യൂട്ടർ ലാബ്<br>• രക്ഷിതാക്കൾക്ക് പഠനോപകരണ നിർമ്മാണ ശില്പശാല<br>• **CPTA** ശാക്തീകരിക്കൽ<br>• മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കൽ<br>• അമ്മയോടൊപ്പം<br>• ജൈവവൈവിധ്യ പാർക്ക്<br>• ശില്പോദ്യാനം<br>• ക്ലാസ് ലൈബ്രറി ശാക്തീകരണം<br>• ദിനാചരണങ്ങൾ<br>• സ്കൂൾ പച്ചക്കറിത്തോട്ടം<br>• പഠനയാത്ര<br>• കലാകായികവിദ്യാഭ്യാസം<br>• നവദീപം<br>• പോഷകാഹാര പദ്ധതി<br>• **Personality Development Programme** | • ശിശുസൗഹൃദ ക്ലാസ്സ്മുറികൾ<br>• ഹൈടെക് ക്ലാസ്സ്മുറികൾ<br>• ചുറ്റുമതിൽ<br>• എല്ലാ ക്ലാസ്സിലും കുടിവെള്ളം<br>• സ്റ്റേജ് നിർമ്മിക്കൽ<br>• ബയോഗ്യാസ്പ്ലാന്റ്<br>• പടിപ്പുര<br>• പൂന്തോട്ടം | • സർഗ്ഗോത്സവം<br>• എന്റെ വക ഒരു പുസ്തകം<br>• പുസ്തകവെളിച്ചം<br>• പൂർവ്വവിദ്യാർത്ഥി സംഗമം<br>• ആഘോഷങ്ങൾ/ ദിനാചരണങ്ങൾ<br>• ബോധവത്കരണ ക്ലാസ് |

# പ്രതീക്ഷിത നേട്ടങ്ങൾ

- തുല്യത, ഗുണത എന്നിവ ഉറപ്പാക്കുവാൻ സാധിക്കുന്നു
- ശിശുസൗഹൃദാന്തരീക്ഷത്തിൽ മികച്ച പഠനസൗകര്യമൊരുക്കുവാൻ സാധിക്കുന്നു
- സ്കൂളും സമൂഹവുമായുള്ള ബന്ധം മികവുറ്റതാക്കുവാൻ സാധിക്കുന്നു
- സ്കൂൾ പ്രവേശന നിരക്ക് വർധിപ്പിക്കുവാൻ സാധിക്കുന്നു
- ഭാഷ , ഗണിതം ,ശാസ്ത്രം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ പഠനനേട്ടങ്ങളും മികച്ച സൗകര്യങ്ങളിൽ മികവാർന്ന രീതിയിൽ നേടാൻ സാധിക്കുന്നു
- മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കുവാൻ സാധിക്കുന്നു
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്തുവാൻ സാധിക്കുന്നു
- വിദ്യാഭ്യാസരംഗത്തെ ദുഷ്പ്രവണതകൾ തടയുവാൻ കഴിയുന്നു

# മോണിറ്ററിംഗ്

വിദ്യാലയ വികസന പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപെട്ടു മൂന്നു തലത്തിലുള്ള മോണിറ്ററിംഗ് ആണ് ഉദ്ദേശിക്കുന്നത്

- ദൈനംദിന മോണിറ്ററിംഗ് **(HM, SRG Convener,PTA President)**
- സോഷ്യൽ മോണിറ്ററിംഗ് **(PTA,MPTA,SSG,SRG,OSA )**
- ഉദ്യോഗസ്ഥതല മോണിറ്ററിംഗ് **(DDE, DEO,AEO,BPO, DIET)**

# നിലവിലെ അവസ്ഥാവിശകലനം

## ഭൗതികം

37 സെന്റ് സ്ഥലത്ത് 7 ക്ലാസ് മുറികളുമായാണ് നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നത്. നിലവിലെ മാനേജ്മെന്റ് സ്കൂൾ പൊളിച്ചു പുതുക്കി പണിയുവാൻ തീരുമാനിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആധുനീകസൗകര്യങ്ങളോട് കൂടിയ ക്ലാസ്സ്മുറികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആണ് ആരംഭിച്ചിരിക്കുന്നത്

## ഭൗതികം - പരിമിതികൾ

ഒരുപാട്പരിമിതികളിലൂടെയാണ് നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നത്.. മാനേജ്മെന്റ് വിദ്യാലയമായതുകൊണ്ടു ഗവൺമെന്റിൽ നിന്നോ പ്രാദേശിക ഭരണകൂടങ്ങളിൽ നിന്നോ സ്കൂളിന്റെ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള കാര്യമായ സഹായമൊന്നും ലഭിക്കാത്തതിനാൽ PTA കമ്മറ്റിയുടേയും നാട്ടുകാരുടെയും സഹായ സഹകരണത്തോടെയാണ് വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ മുന്നോട്ടു നീങ്ങുന്നത്.

മികച്ച ലാബ് സൗകര്യങ്ങൾ, ക്ലാസ് ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, ചുറ്റുമതിൽ അടച്ചുറപ്പുള്ള ക്ലാസ്സ്മുറികൾ തുടങ്ങി നിരവധി പരിമിതികളാണ് നിലവിൽ വിദ്യാലയത്തിനുള്ളത്. ഈ പരിമിതികൾ പലപ്പോഴും അക്കാദമിക പ്രവർത്തനങ്ങളെ ബാധിക്കുകയും ചെയ്യുന്നു

## അക്കാദമിക നേട്ടങ്ങൾ

ഭൗതീക പരിമിതികളിലും പാഠ്യപഠ്യേതര രംഗത്ത് ശരാശരിയിലും ഉയർന്ന നിലവാരം വിദ്യാലയം കാഴ്ചവെക്കുന്നുണ്ട്. ദിനാചരണങ്ങളോട് അനുബന്ധിച്ചുള്ള ക്വിസ് മത്സരങ്ങൾ, സ്കൂൾ ലൈബ്രറിയുടെ ഉപയോഗം എന്നിവയിലൂടെ കുട്ടികളുടെ പൊതുവിജ്ഞാനം ഉയർത്തുന്നു

## അക്കാദമിക -പരിമിതികൾ

LSS പോലുള്ള മത്സര പരീക്ഷകളിൽ ഇനിയും മികവുപുലർത്തേണ്ടിയിരിക്കുന്നു. ക്ലാസ് ലൈബ്രറികൾ പൂർണ്ണമായും സജ്ജീകരിച്ചിട്ടില്ല. കലാകായികാധ്യാപകരുടെ സേവനവും ലഭ്യമാക്കേണ്ടിയിരിക്കുന്നു.

മേഖല : അക്കാദമികം

പദ്ധതി : **Academic Supporting Application for Parents (ASAP)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ രക്ഷിതാക്കളെ സഹായിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിക്കൽ<br>➢ പഠനനിലവാരം ഉയർത്തൽ<br>➢ രക്ഷിതാക്കൾക്ക് **spot support** നൽകൽ<br>➢ രക്ഷിതാക്കളുമായുള്ള ബന്ധം ശക്തമാക്കൽ<br>➢ വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തൽ | ➢ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ ചർച്ച ചെയ്യൽ<br>➢ രൂപരേഖ തയ്യാറാക്കൽ<br>➢ രൂപരേഖക്കനുസരിച്ചു മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിക്കൽ<br>➢ മൊബൈൽ ആപ്ലിക്കേഷൻ രക്ഷിതാക്കളെ പരിചയപ്പെടുത്തൽ<br>➢ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് നടത്താവുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കൽ<br>➢ വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്ന പരമാവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | നടപ്പു വർഷം | **10000** രൂപ | | **SRG**<br>**PTA**<br>**OSA** |

**മേഖല : അക്കാദമികം** **പദ്ധതി : ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ<br>➢ എല്ലാ കുട്ടികളിലും അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ | ➢ പ്രീ ടെസ്റ്റ്<br>➢ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>➢ ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>➢ അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ നൽകി വാക്കുകൾ നിർമ്മിക്കൽ<br>➢ വാക്കുകൾ എഴുതിയ കാർഡ് നിർമ്മിക്കൽ<br>➢ വാക്കുകൾ ഉപയോഗിച്ച് വാക്യനിർമ്മാണം<br>➢ അടിക്കുറിപ്പ് തയ്യാറാക്കൽ<br>➢ ചിത്രം നോക്കി കഥപറയൽ<br>➢ ചിത്രത്തെ അടിസ്ഥാനമാക്കി വാക്കുകൾ നിർമ്മിക്കൽ<br>➢ ചിത്രത്തെ അടിസ്ഥാനമാക്കി വാക്യ നിർമ്മാണം<br>➢ ചിത്രം നോക്കി കഥ എഴുതൽ | 3 മാസം | 5000 രൂപ | കാർഡുകൾ ചിത്രങ്ങൾ | SRG<br>PTA<br>OSA |

**മേഖല : അക്കാദമികം** **പദ്ധതി : വായനാവസന്തം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ സ്കൂളിലെ മുഴുവൻ കുട്ടികളേയും വായനയിൽ താൽപര്യമുള്ളവരാക്കി മാറ്റുക<br>➢ വായന ഒരു ശീലമാക്കി മാറ്റുക<br>➢ രക്ഷിതാക്കളെ വായനയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുക<br>➢ വായനാ പരിപോഷണത്തിന് സമൂഹത്തിന്റെ പിന്തുണയും സഹായവും ലഭ്യമാക്കുക | ➢ വായനാ സാമഗ്രികൾ സംഘടിപ്പിക്കുക<br>➢ വായനാ കാർഡുകൾ നൽകൽ<br>➢ വായനാക്കൂട്ടം രൂപീകരിക്കൽ<br>➢ ബാലമാസികകൾ, പുസ്തകങ്ങൾ, പത്രം എന്നിവ നൽകൽ<br>➢ വായനാവിശേഷങ്ങൾ, അറിവുകൾ പങ്കുവെക്കൽ<br>➢ മാഗസിൻ തയ്യാറാക്കൽ<br>➢ മികച്ച വായനക്കാർക്ക് സമ്മാനങ്ങൾ നൽകൽ<br>➢ സ്വതന്ത്രവായനയെ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ<br>➢ ഇ- വായന പരിചയപ്പെടുത്തൽ<br>➢ ഇ- വായന പ്രോത്സാഹിപ്പിക്കൽ | വർഷം മുഴുവൻ | 5000 രൂപ | വായനാകാർഡ്<br>ബാലമാസികകൾ<br>പുസ്തകങ്ങൾ<br>പത്രങ്ങൾ<br>ചെറുകഥകൾ<br>കവിതകൾ | SRG<br>PTA<br>OSA |

**മേഖല : അക്കാദമികം** **പദ്ധതി : എഴുത്തുകൂട്ടം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ കുട്ടിയുടെ എഴുതാനുള്ള ശേഷിയെ ഉദ്ധീപിപ്പിക്കുക<br>➢ കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക<br>➢ അക്ഷരത്തെറ്റ് കൂടാതെ എഴുതാൻ പ്രാപ്തനാക്കുക | ➢ എഴുത്തുകൂട്ട രൂപീകരണം<br>➢ പുസ്തകം വായിച്ച നിരൂപണം തയ്യാറാക്കൽ<br>➢ ആസ്വാദനകുറിപ്പ് തയ്യാറാക്കൽ<br>➢ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>➢ ചിത്രത്തിൽ നിന്ന് കഥ എഴുതൽ<br>➢ ചുമർ പത്രിക തയ്യാറാക്കൽ<br>➢ പതിപ്പ് തയ്യാറാക്കൽ<br>➢ സാഹിത്യകാരന്മാരെ പരിചയപ്പെടൽ<br>➢ സാഹിത്യകാരന്മാരുടെ ആൽബം തയ്യാറാക്കൽ<br>➢ കഥാരചന<br>➢ കവിതാ രചന<br>➢ മികച്ച എഴുത്തുകാർക്ക് സമ്മാനങ്ങൾ നൽകൽ | വർഷം മുഴുവൻ | 5000 രൂപ | ബാലമാസികകൾ<br>പുസ്തകങ്ങൾ<br>പത്രങ്ങൾ<br>കവിതകൾ | SRG<br>PTA<br>OSA |

## മേഖല : അക്കാദമികം      പദ്ധതി : പാവനാടക പരിശീലന ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ കലാവാസനകളെ പരിപോഷിപ്പിക്കൽ<br>➢ പഠനപ്രവർത്തനങ്ങൾ ആകർഷകമാക്കൽ | ➢ പാവ നിർമ്മാണം<br>➢ പാഠഭാഗങ്ങളെ നാടകീകരിക്കൽ<br>➢ പാഠഭാഗങ്ങളെ പാവനാടകങ്ങളാക്കി അവതരിപ്പിക്കുന്നതിനുള്ള പരിശീലനം നൽകൽ | വർഷത്തിൽ ഒരുതവണ | 5000 രൂപ | | SRG<br>PTA<br>OSA |

## മേഖല : അക്കാദമികം      പദ്ധതി :ലൈബ്രറി ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ സ്കൂൾ ലൈബ്രറി വികസിപ്പിക്കൽ<br>➢ വായനയെ പ്രോത്സാഹിപ്പിക്കൽ | ➢ കൂടുതൽ പുസ്തകങ്ങൾ സംഘടിപ്പിക്കൽ<br>➢ പുസ്തകങ്ങൾ ക്രമീകരിക്കൽ<br>➢ കാറ്റലോഗ് , വിതരണ രജിസ്റ്റർ എന്നിവ ക്രമീകരിക്കൽ<br>➢ പുസ്തക പ്രദർശനം | വർഷം മുഴുവൻ | 10000 | | SRG<br>PTA<br>OSA |

**മേഖല : അക്കാദമികം** **പദ്ധതി : Easy English**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിൽ എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | ➢ പ്രീ ടെസ്റ്റ്<br>➢ അക്ഷരം ഉറപ്പിക്കൽ<br>➢ വാക്കുകൾ നിർമ്മിക്കൽ<br>➢ വാക്കുകൾ ഉപയോഗിച്ച് വാക്യ നിർമ്മാണം<br>➢ വാക്കുകൾ വായിക്കൽ<br>➢ വായന കാർഡ് വിതരണം<br>➢ ചിത്രം നോക്കി വാക്ക് പറയൽ<br>➢ ചിത്രം നോക്കി വാക്യം പറയൽ<br>➢ ചിത്രം നോക്കി കഥ പറയൽ<br>➢ വാക്യ കാർഡുകൾ ക്രമീകരിക്കൽ<br>➢ ചിത്രം നോക്കി വാക്കുകൾ എഴുതൽ<br>➢ വർക്ക് ഷീറ്റ് നൽകൽ<br>➢ അടിക്കുറിപ്പ് നിർമ്മാണം<br>➢ ചെറുകഥകൾ വായിക്കൽ | വർഷം മുഴുവൻ | 5000 രൂപ | വായനാകാർഡ്<br>ബാലമാസികകൾ<br>പുസ്തകങ്ങൾ | SRG<br>PTA<br>OSA |

**മേഖല : അക്കാദമികം** **പദ്ധതി : ഇംഗ്ലീഷ് കോർണർ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ➢ ക്ലാസ്സ്മുറികളിലെ വസ്തുക്കൾക്ക് ഇംഗ്ലീഷ് ലേബൽ നൽകൽ<br>➢ ഇംഗ്ലീഷ് ഭാഷപഠനത്തിന് അനുയോജ്യമായ രീതിയിൽ വിദ്യാലയാന്തരീക്ഷം മാറ്റുക<br>➢ ഇംഗ്ലീഷ് ചെറുകഥകൾ നൽകൽ<br>➢ ഇംഗ്ലീഷിലുള്ള കഥകളുടെയും കവിതകളുടെയും ഓഡിയോ , വീഡിയോ പ്രദർശനം | വർഷം മുഴുവൻ | 2000 രൂപ | ഓഡിയോ<br>വീഡിയോ<br>CD കൾ<br>പുസ്തകങ്ങൾ | SRG<br>PTA<br>OSA |

**മേഖല : അക്കാദമികം** **പദ്ധതി : പദപ്രശ്ന നിർമ്മാണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ കളികളിലൂടെയുള്ള ഭാഷാപഠനം | ➢ ഇംഗ്ലീഷ് പദപ്രശ്നം നൽകൽ<br>➢ ഉത്തരം കണ്ടെത്തുന്നവർക്ക് സമ്മാനം നൽകൽ | വർഷം മുഴുവൻ | 1000 രൂപ | പദപ്രശ്ന ചാർട്ട് | SRG |

## മേഖല : അക്കാദമികം　　　　പദ്ധതി : ഗണിതലാബ് സജ്ജീകരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ഗണിതലാബ് തയ്യാറാക്കി ഗണിതപഠനം സുഗമമാക്കൽ | ➢ എല്ലാ ക്ലാസ്സ്മുറികളിലും ഗണിത പ്രവർത്തനങ്ങൾക്കനുയോജ്യമായ രീതിയിലുള്ള ഗണിത പഠനോപകരണങ്ങൾ നിർമ്മിക്കൽ<br>➢ എല്ലാ ക്ലാസ്സ്മുറികളിലും ഗണിതലാബ് സ്ഥാപിക്കൽ<br>➢ ഉപകരണ സഹായത്തോടെ ഗണിതപഠനം സുഗമമാക്കൽ | 1 വർഷം | 20000 രൂപ | ഗണിത പഠനോപകരണങ്ങൾ | SRG<br>PTA<br>OSA |

## മേഖല : അക്കാദമികം　　　　പദ്ധതി : ഗണിത പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ഗണിതം മികവുറ്റതാക്കൽ<br>➢ ക്യാമ്പസ് ഒരു പാഠപുസ്തകമാക്കൽ | ➢ ജ്യാമിതീയരൂപങ്ങൾ, ഗെയിം ബോർഡുകൾ , എന്നിവ ഉപയോഗിച്ച് വിദ്യാലയത്തിൽ ഗണിതപാർക്ക് തയ്യാറാക്കൽ<br>➢ ചുമരുകളിൽ ഗണിതരൂപങ്ങളും പ്രവർത്തനങ്ങളും വരച്ചുചേർക്കൽ | 5 വർഷം | 2 ലക്ഷം രൂപ | | SRG<br>PTA<br>OSA<br>MLA<br>SSA<br>മാനേജർ<br>പഞ്ചായത്ത് |

**മേഖല : അക്കാദമികം** **പദ്ധതി : ഗണിത വിജയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ഗണിതപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ<br>➢ സംഖ്യാബോധം വളർത്തൽ<br>➢ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>➢ അളവുകൾ (നീളം ,ഭാരം, ഉള്ളളവ് )ഉറപ്പിക്കൽ<br>➢ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ<br>➢ സമയം ഉറപ്പിക്കൽ<br>➢ കലണ്ടർ നിർമ്മിക്കൽ<br>➢ പ്രായോഗിക പ്രശ്നങ്ങൾ ഗണിതാശയങ്ങൾ ഉപയോഗിച്ച് അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് വളർത്തൽ | ➢ പ്രീ ടെസ്റ്റ്<br>➢ വസ്തുക്കൾ ഉപയോഗിച്ച് സംഖ്യാബോധം വളർത്തൽ<br>➢ അബാക്കസ് നിർമ്മാണം<br>➢ സങ്കലനം ,വ്യവകലനം , ഗുണനം , ഹരണം എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന ശേഷികൾ ഉറപ്പിക്കൽ<br>➢ വർക്ക് ഷീറ്റ് നൽകൽ<br>➢ അളവുപകരണങ്ങൾ പരിചയപ്പെടൽ<br>➢ അളവുപകരണങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നൽകൽ<br>➢ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ<br>➢ ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ<br>➢ സമയം ( മണിക്കൂർ,മിനിറ്റ്,സെക്കന്റ് )തിരിച്ചറിയൽ , ബന്ധം കണ്ടെത്തൽ<br>➢ ക്ലോക്ക് നോക്കി സമയം കണ്ടെത്തൽ<br>➢ സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ<br>➢ കലണ്ടർ നിർമ്മിക്കൽ<br>➢ പ്രയോഗികപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ<br>➢ ഐ സി ടി സാധ്യതകൾ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | 10000 രൂപ | അബാക്കസ്<br>വർക്ക് ഷീറ്റ്<br>അളവുപകരണങ്ങൾ<br>ജ്യാമിതീയ രൂപങ്ങൾ<br>ക്ലോക്ക്<br>കലണ്ടർ | SRG<br>PTA<br>OSA<br>SSA |

## മേഖല : അക്കാദമികം

## പദ്ധതി : ശാസ്ത്ര ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ശാസ്ത്രപഠനം സുഗമമാക്കൽ | ➢ ഓരോ ക്ലാസ്സിലും അനുയോജ്യമായ രീതിയിലുള്ള ശാസ്ത്രലാബുകൾ സജ്ജീകരിക്കൽ<br>➢ ശാസ്ത്ര പഠനം രസകരമാക്കൽ | 1 വർഷം | 10000 രൂപ | ലാബ് ഉപകരണ ങ്ങൾ | SRG<br>PTA<br>OSA<br>SSA |

## മേഖല : അക്കാദമികം

## പദ്ധതി : Magic Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ<br>➢ ശാസ്ത്രപഠനം രസകരമാക്കൽ | ➢ കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനും ശാസ്ത്രപഠനം രസകരമാക്കുന്നതിനും ലഘുപരീക്ഷണങ്ങൾ പ്രയോജനപ്പെടുത്തൽ | വർഷം മുഴുവൻ | 10000 രൂപ | | SRG<br>SSA |

**മേഖല : അക്കാദമികം** **പദ്ധതി : രക്ഷിതാക്കൾക്ക് പഠനോപകരണ നിർമ്മാണ ശില്പശാല**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ രക്ഷിതാക്കളെ സ്കൂളുമായി ബന്ധപ്പെടുത്തൽ<br>➢ പഠനം രസകരമാക്കൽ | ➢ രക്ഷിതാക്കളെ ഉപയോഗിച്ച് ഓരോ ക്ലാസ്സിനും അനുയോജ്യമായ രീതിയിലുള്ള പഠനോപകരണങ്ങൾ നിർമ്മിക്കൽ<br>➢ പഠനോപകരണങ്ങൾ ഉപയോഗിച്ച് ട്രൈ ഔട്ട് ക്ലാസ് നൽകൽ | വർഷത്തിൽ ഒരുതവണ | 15000 രൂപ | | SRG<br>SSA |

**മേഖല : അക്കാദമികം** **പദ്ധതി : CPTA ശാക്തീകരിക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ രക്ഷിതാക്കളുമായി ചേർന്ന് കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ➢ കൃത്യമായ അജണ്ട വച്ച് എല്ലാ മാസവും യോഗം ചേരൽ<br>➢ പഠനപുരോഗതി പരിശോധിക്കൽ<br>➢ മികവുകളുടെ അവതരണം<br>➢ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ | മാസത്തിൽ ഒരുതവണ | 5000 രൂപ | | SRG<br>SSA |

**മേഖല : അക്കാദമികം** **പദ്ധതി : ജൈവവൈവിധ്യ പാർക്ക്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ പ്രകൃതിയെ അറിയൽ<br>➢ ക്യാമ്പസ് ഒരു പാഠപുസ്തകമാക്കൽ | ➢ വിദ്യാലയത്തിൽ ജൈവവൈവിധ്യ പാർക്ക് സ്ഥാപിക്കൽ | 10 വർഷം | 75000 രൂപ | | SRG<br>PTA<br>OSA<br>MLA<br>SSA<br>മാനേജർ<br>പഞ്ചായത്ത് |

**മേഖല : അക്കാദമികം** **പദ്ധതി : ശില്പോദ്യാനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ക്യാമ്പസ് ഒരു പാഠപുസ്തകമാക്കൽ<br>➢ വിദ്യാലയാന്തരീക്ഷം ആകർഷകമാക്കൽ | ➢ പഠനപ്രവർത്തനങ്ങൾക്കു സഹായകമാകുന്ന തരത്തിലുള്ള ശില്പങ്ങൾ സ്ഥാപിക്കൽ<br>➢ വിദ്യാലയം ആകർഷകമാക്കൽ | 10 വർഷം | 1 ലക്ഷം രൂപ | | SRG<br>PTA<br>OSA<br>MLA<br>SSA<br>മാനേജർ<br>പഞ്ചായത്ത് |

## മേഖല : അക്കാദമികം

## പദ്ധതി : ക്ലാസ് ലൈബ്രറി ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ വായന പ്രോത്സാഹിപ്പിക്കൽ | ➢ ക്ലാസ് ലൈബ്രറി സ്ഥാപിക്കൽ<br>➢ അനുയോജ്യമായ പുസ്തകങ്ങൾ തിരഞ്ഞെടുക്കൽ<br>➢ വായനാ മത്സരം സംഘടിപ്പിക്കൽ | വർഷം മുഴുവൻ | 10000 രൂപ | | SRG<br>PTA<br>OSA<br>SSA |

## മേഖല : അക്കാദമികം

## പദ്ധതി : ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ വിവിധ ശേഷികളുടെ വികസനം | ➢ ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപെട്ടു നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ , സംഘടിപ്പിക്കൽ | വർഷം മുഴുവൻ | 10000 രൂപ | | SRG<br>PTA<br>OSA<br>SSA |

**മേഖല : അക്കാദമികം** **പദ്ധതി :സ്കൂൾ പച്ചക്കറിത്തോട്ടം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ കാർഷിക സംസ്കൃതിയെ അറിയൽ<br>➢ കൃഷി രീതികൾ അറിയൽ<br>➢ കൃഷിയുടെ ഘട്ടങ്ങൾ മനസ്സിലാക്കൽ | ➢ സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്തു ആകർഷകമായ രീതിയിൽ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>➢ കൃഷിയുടെ ഘട്ടങ്ങൾ മനസ്സിലാക്കൽ | വർഷത്തിൽ ഒരുതവണ | 10000 രൂപ | | SRG<br>PTA<br>OSA<br>കൃഷിഭവൻ |

**മേഖല : അക്കാദമികം** **പദ്ധതി : പഠനയാത്ര**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ പാഠ്യവസ്തുതകൾ അനുഭവത്തിലൂടെ കണ്ടും അറിഞ്ഞും ഗ്രഹിക്കൽ | ➢ പ്രത്യക്ഷാനുഭവ പഠനത്തിനുള്ള സാഹചര്യമൊരുക്കൽ<br>➢ പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ സന്ദർശിക്കൽ<br>➢ തൊഴിൽശാലകളിലേക്കുള്ള സന്ദർശനം | വർഷത്തിൽ ഒരുതവണ | 25000 രൂപ | | SRG<br>PTA |

## മേഖല : അക്കാദമികം　　　　പദ്ധതി : My Own Word Book

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ | ➢ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എല്ലാ ദിവസവും ഒരു ഇംഗ്ലീഷ് വാക്ക് വീതം നൽകൽ<br>➢ നൽകുന്ന വാക്ക് ഉപയോഗിച്ച word book തയ്യാറാക്കൽ | വർഷം മുഴുവൻ | 500 രൂപ | നോട്ട്ബുക്ക് പേന | SRG |

## മേഖല : അക്കാദമികം　　　　പദ്ധതി : സ്കൂൾ അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ സ്കൂൾ അസംബ്ലി സജീവമാക്കൽ<br>➢ മാതൃഭാഷയിലും ഇംഗ്ലീഷിലുമുള്ള അസ്സംബ്ലികൾ സംഘടിപ്പിക്കൽ | ➢ ആഴ്ച്ചയിൽ 2 ദിവസം വീതം മാതൃഭാഷയിലും ഇംഗ്ലീഷിലുമുള്ള അസ്സംബ്ലികൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | 500 രൂപ | | SRG |

**മേഖല : അക്കാദമികം** **പദ്ധതി : അറബിക് മധുരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ അറബിക് ഭാഷ തെറ്റുകൂടാതെ എഴുതുന്നതിനും വായിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ<br>➢ എല്ലാ കുട്ടികളും പഠന നേട്ടങ്ങൾ നേടി എന്ന് ഉറപ്പുവരുത്തൽ<br>➢ ഭാഷ പഠനത്തിലൂടെ കുട്ടികളിൽ ഉന്നത മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ | ➢ പ്രീ ടെസ്റ്റ്<br>➢ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>➢ ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>➢ അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ നൽകി വാക്കുകൾ നിർമ്മിക്കൽ<br>➢ വാക്കുകൾ എഴുതിയ കാർഡ് നിർമ്മിക്കൽ<br>➢ വാക്കുകൾ ഉപയോഗിച്ച് വാക്യനിർമ്മാണം<br>➢ അടിക്കുറിപ്പ് തയ്യാറാക്കൽ<br>➢ ചിത്രം നോക്കി കഥപറയൽ<br>➢ ചിത്രം നോക്കി കഥ എഴുതൽ<br>➢ ചുമർ പത്രിക തയ്യാറാക്കൽ<br>➢ വായനാ സാമഗ്രികൾ സംഘടിപ്പിക്കുക<br>➢ വായനാ കാർഡുകൾ നൽകൽ<br>➢ വായനാക്കൂട്ടം രൂപീകരിക്കൽ<br>➢ ബാലമാസികകൾ, പുസ്തകങ്ങൾ, പത്രം എന്നിവ നൽകൽ<br>➢ വായനാവിശേഷങ്ങൾ , അറിവുകൾ പങ്കുവെക്കൽ സ്വതന്ത്രവായനയെ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ | വർഷം മുഴുവൻ | 5000 രൂപ | വായനാകാർഡ്<br>ബാലമാസികകൾ<br>പുസ്തകങ്ങൾ<br>പത്രങ്ങൾ<br>ചെറുകഥകൾ<br>കവിതകൾ | SRG<br>PTA<br>OSA<br>SSA |

**മേഖല : അക്കാദമികം** **പദ്ധതി : നവദീപം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ഭിന്നശേഷിക്കാരെ പഠനപ്രക്രിയയിൽ മുന്നാക്കം കൊണ്ടുവരൽ | ➢ ചിത്രം വരച്ചു ചേർക്കൽ<br>➢ ചിത്രങ്ങൾക്ക് നിറം നൽകൽ<br>➢ ചിത്രങ്ങളുടെ കൂട്ടത്തിൽ നിന്ന് നിർദേശിച്ചവ കണ്ടെത്തൽ<br>➢ വിവിധ വസ്തുക്കൾ നിരീക്ഷിച്ചു വസ്തുക്കൾ കണ്ടെത്തൽ<br>➢ വസ്തുക്കളുടെ പേരുപറയൽ<br>➢ അനുയോജ്യമായ കളികളിൽ ഏർപ്പെടൽ<br>➢ അക്ഷരങ്ങളുടെ ചിത്രം പതിച്ച കാർഡുകൾ നൽകി സമാന രീതിയിൽ വരപ്പിക്കൽ | വർഷം മുഴുവൻ | 10000 രൂപ | | SRG<br>PTA<br>OSA |

**മേഖല : അക്കാദമികം** **പദ്ധതി : പോഷകാഹാര പദ്ധതി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ കുട്ടികളുടെ ശാരീരിക മാനസീക ആരോഗ്യം മെച്ചപ്പെടുത്തുന്ന തരത്തിൽ പോഷകമൂല്യമുള്ള ആഹാരം നൽകൽ | ➢ ഓരോ ദിവസവും വ്യത്യസ്ത മെനു ഉപയാഗിച്ചു പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ ദിവസവും | 200000 രൂപ | | SRG<br>PTA<br>OSA |

**മേഖല : അക്കാദമികം** **പദ്ധതി : Personality Development Programme**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ പരസ്പര ബഹുമാനത്തോടെയുള്ള മികച്ച പെരുമാറ്റരീതികളും ശീലങ്ങളും ഉറപ്പാക്കൽ<br>➢ ഏതു കാര്യത്തിലും ആത്മവിശ്വാസത്തോടെ ഇടപെടുന്നതിനുള്ള കഴിവ് വളർത്തൽ | ➢ മികച്ച ആരോഗ്യ ശീലങ്ങൾ അഭ്യസിപ്പിക്കൽ<br>➢ മികച്ച പെരുമാറ്റ രീതികൾ അഭ്യസിപ്പിക്കൽ<br>➢ പരസ്പര ബഹുമാനം വളർത്തൽ<br>➢ യൂണിഫോം കാലോചിതമായി പരിഷ്കരിക്കൽ<br>➢ Personality Development ക്ലാസുകൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | 20000 രൂപ | | SRG<br>PTA<br>OSA |

**മേഖല : അക്കാദമികം** **പദ്ധതി : Communicative English Class**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി വികസിപ്പിക്കൽ | ➢ ആഴ്ചയിൽ ഒരു ദിവസം Communicative English Class സംഘടിപ്പിക്കൽ<br>➢ visitors class<br>➢ Communicative English വീഡിയോ , ഓഡിയോ പ്രദർശനം | ആഴ്ചയിൽ ഒരു ദിവസം | 50000 രൂപ | | SRG<br>PTA<br>OSA |

**മേഖല : അക്കാദമികം** **പദ്ധതി : English Puzzles**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ കളികളിലൂടെയുള്ള ഭാഷാപഠനം | ➢ English Puzzles നൽകൽ<br>➢ ഉത്തരം കണ്ടെത്തുന്നവർക്ക് സമ്മാനം നൽകൽ | ആഴ്ചയിൽ ഒരു ദിവസം | 1000 രൂപ | Puzzles | SRG |

**മേഖല : അക്കാദമികം** **പദ്ധതി : സഹവാസ ക്യാമ്പ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ഭാഷ ,ഗണിതം ,ശാസ്ത്രം , പ്രവർത്തിപരിചയ സഹവാസക്യാമ്പ് വഴി കുട്ടികളുടെ പഠനം രസകരവും ആസ്വാദ്യകരവുമാക്കൽ<br>➢ ഒറിഗാമി പരിചയപ്പെടൽ | ➢ പേപ്പറുകൾ, പ്ലാസ്റ്റിക് കവറുകൾ തുടങ്ങിയ മാലിന്യങ്ങളിൽ നിന്നും പഠനോപകരണങ്ങൾ നിർമ്മിക്കൽ<br>➢ പാഴ്‌വസ്തുക്കളിൽ നിന്നും അലങ്കാരവസ്തുക്കൾ നിർമ്മിക്കൽ<br>➢ പരീക്ഷണങ്ങളിലൂടെ പഠനം ആസ്വാദ്യകരമാക്കൽ<br>➢ കഥ, കവിത ശില്പശാല | വർഷത്തിൽ ഒരുതവണ | 3000 രൂപ | പേപ്പറുകൾ പ്ലാസ്റ്റിക് കവറുകൾ പാഴ്‌വസ്തുക്കൾ | SRG<br>PTA<br>OSA |

**മേഖല : അക്കാദമികം** **പദ്ധതി : കലാകായികവിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ കുട്ടികളുടെ കലാപരവും കായികപരവുമായ കഴിവുകളെ വളർത്തൽ<br>➢ കല കായിക മേളകൾക്ക് കുട്ടികളെ തയ്യാറാക്കൽ | ➢ കുട്ടികളുടെ കായിക ക്ഷമത വർധിപ്പിക്കുന്നതിനായി ലഘു വ്യായാമങ്ങൾ പരിശീലിപ്പിക്കൽ<br>➢ കായിക മേള സംഘടിപ്പിക്കൽ<br>➢ എല്ലാ ആഴ്ചയിലും ക്ലാസ്തല കലാ സാംസ്കാരിക സദസ്സ് സംഘടിപ്പിക്കൽ<br>➢ മാസത്തിലൊരിക്കൽ സ്കൂൾതല കലാ സാംസ്കാരിക സദസ്സ് സംഘടിപ്പിക്കൽ<br>➢ കലാമേള സംഘടിപ്പിക്കൽ | വർഷം മുഴുവൻ | 10000 രൂപ | | SRG<br>PTA<br>OSA |

**മേഖല : അക്കാദമികം** **പദ്ധതി : മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കൽ | ➢ പ്രീ ടെസ്റ്റ്<br>➢ പരിശീലനം നൽകൽ<br>➢ എൽ എസ് എസ് പോലുള്ള മത്സാരപരീക്ഷകൾക്കു കുട്ടികളെ പ്രാപ്തരാക്കൽ | വർഷം മുഴുവൻ | 10000 രൂപ | | SRG<br>PTA<br>OSA<br>SSA |

**മേഖല : അക്കാദമികം** **പദ്ധതി : അമ്മയോടൊപ്പം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട പഠന നേട്ടങ്ങൾ രക്ഷിതാക്കളുമായി പങ്കുവെക്കൽ | ➢ അധ്യയനവർഷാരംഭത്തിൽ തന്നെ ഓരോക്ലാസ്സിലേയും പഠനനേട്ടങ്ങൾ അടങ്ങിയ കൈപ്പുസ്തകം രക്ഷിതാക്കൾക്ക് നൽകൽ<br>➢ പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കു ബോധ്യപ്പെടുത്തി അവർക്കാവശ്യമുള്ള സഹായങ്ങൾ നൽകൽ | ജൂൺ മാസം | 10000 രൂപ | | SRG<br>PTA |

**മേഖല : ഭൗതീകം** **പദ്ധതി : ശിശുസൗഹൃദ ക്ലാസ്സ്മുറികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ശിശുസൗഹൃദ ക്ലാസ്സ്മുറികൾ തായ്യാറാക്കൽ<br>➢ ക്ലാസ്സ്മുറികൾ ആകർഷകമാക്കൽ<br>➢ പഠനം രസകരമാക്കൽ | ➢ **BALA (Building as a Learning Aid)** സംവിധാനമൊരുക്കൽ<br>➢ ചുമരുകൾ ചിത്രം വരച്ച് ആകർഷകമാക്കൽ | 5 വർഷം | 5 ലക്ഷം | | മാനേജർ<br>SRG<br>PTA<br>OSA<br>SSA |

**മേഖല : ഭൗതീകം** **പദ്ധതി :ചുറ്റുമതിൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ചുറ്റുമതിൽ നിർമ്മിക്കൽ<br>➢ വിദ്യാലയ സുരക്ഷ ഉറപ്പാക്കൽ | ➢ ചുറ്റുമതിൽ നിർമ്മിക്കൽ<br>➢ ചുറ്റുമതിൽ ആകർഷകമാക്കാൻ ചിത്രങ്ങൾ വരക്കൽ | 2 വർഷം | 1 ലക്ഷംരൂപ | | മാനേജർ<br>SRG<br>PTA<br>OSA<br>SSA |

**മേഖല : ഭൗതീകം** **പദ്ധതി : പൂന്തോട്ടം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ക്യാമ്പസ് ആകർഷകമാക്കൽ | ➢ വിവിധ തരം ചെടികൾ നട്ടുപിടിപ്പിച്ച് ആകർഷകമായ പൂന്തോട്ടം നിർമ്മിക്കൽ | 2 വർഷം | 15000 രൂപ | ചെടികൾ | SRG<br>PTA<br>OSA |

**മേഖല : ഭൗതീകം** **പദ്ധതി : എല്ലാ ക്ലാസ്സിലും കുടിവെള്ളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ എല്ലാ ക്ലാസ് മുറികളിലും കുടിവെള്ളം ലഭ്യമാക്കൽ | ➢ എല്ലാ ക്ലാസ്സിലും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ഉപകരണങ്ങൾ സ്ഥാപിക്കൽ | നടപ്പു വർഷം | 10000 രൂപ | | SRG<br>PTA |

**മേഖല : ഭൗതീകം** **പദ്ധതി : സ്റ്റേജ് നിർമ്മിക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ വിദ്യാലയാങ്കണത്തിൽ സ്റ്റേജ് നിർമ്മിക്കൽ<br>➢ കുട്ടികളുടെ സർഗാത്മക കഴിവിനെ പൊതുസമൂഹത്തിനു മുന്നിൽ പരിചയപ്പെടുത്തൽ | ➢ സ്റ്റേജ് നിർമ്മിക്കൽ | 2 വർഷം | 1 ലക്ഷംരൂപ | | മാനേജർ<br>SRG<br>PTA<br>OSA<br>SSA |

**മേഖല : ഭൗതീകം** **പദ്ധതി : ബയോഗ്യാസ്പ്ലാന്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ വിദ്യാലയത്തിലെ ജൈവമാലിന്യങ്ങൾ വിദ്യാലയത്തിൽ തന്നെ സംസ്കരിക്കൽ<br>➢ മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | ➢ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ<br>➢ വിദ്യാലയത്തിലെ ജൈവമാലിന്യങ്ങൾ പാചകത്തിനുള്ള ഊർജ്ജമാക്കി മാറ്റൽ | 2 വർഷം | 1 ലക്ഷംരൂപ | | മാനേജർ<br>SRG<br>PTA<br>OSA<br>SSA |

**മേഖല : ഭൗതീകം** **പദ്ധതി : പടിപ്പുര**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ സുരക്ഷയും ഭംഗിയും നൽകി ക്യാമ്പസ് ആകർഷകമാക്കൽ | ➢ ആകർഷണീയമായ രീതിയിൽ സ്കൂളിന്റെ പ്രവേശനകവാടം , പടിപ്പുര എന്നിവ നിർമ്മിക്കൽ | 1 വർഷം | 1 ലക്ഷംരൂപ | | മാനേജർ<br>SRG<br>PTA<br>OSA<br>SSA |

**മേഖല : ഭൗതീകം** **പദ്ധതി : ഹൈടെക് ക്ലാസ്സ്മുറികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ ക്ലാസ് മുറികൾ ആധുനീകവത്കരിക്കൽ<br>➢ പഠനപ്രവർത്തനങ്ങളിൽ ICT സാധ്യതകൾ ഉപയോഗപ്പെടുത്തൽ<br>➢ ഓരോ ക്ലാസ്സ്മുറിയുടെയും സമഗ്രവികസനം ഉറപ്പാക്കൽ | ➢ ക്ലാസ് മുറികൾ ടൈൽ ചെയ്തു മനോഹരമാക്കൽ<br>➢ ക്ലാസ്സ്മുറികളുടെ സമ്പൂർണ്ണ വൈദ്യുതീകരണം ഉറപ്പാക്കൽ<br>➢ പാഠപുസ്തകത്തിലെ പാഠാനുഭവങ്ങൾക്ക് തെളിവുകൾ നൽകുന്ന രീതിയിൽ ആധുനീക സൗകര്യങ്ങളോടു കൂടിയുള്ള ക്ലാസ് മുറികൾ ഒരുക്കൽ<br>➢ പ്രൊജക്ടർ ,ലാപ്ടോപ് സംഘടിപ്പിക്കൽ<br>➢ പ്രൊജക്ടർ സ്ഥാപിക്കൽ<br>➢ ഓരോ വിഷയവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ചർച്ച<br>➢ ICT വിഭവങ്ങൾ ലിസ്റ്റ് ചെയ്യൽ<br>➢ ICT വിഭവങ്ങൾ ശേഖരിക്കൽ<br>➢ ICT വിഭവങ്ങൾ ഉപയോഗപ്പെടുത്തൽ | 5 വർഷം | 5 ലക്ഷം | | SRG<br>PTA<br>OSA<br>MLA<br>SSA<br>മാനേജർ<br>പഞ്ചായത്ത് |

**മേഖല : സാമൂഹികം** **പദ്ധതി : സർഗ്ഗോത്സവം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കൽ<br>➢ സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | ➢ സ്കൂൾ വാർഷികാഘോഷം<br>➢ കുട്ടികളുടെ കലാപരിപാടികൾ<br>➢ സ്കൂൾ പരിസരത്തോടു ചേർന്നു നിൽക്കുന്ന അംഗൻവാടി കുട്ടികളുടെ ബാലോത്സവം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരുതവണ | 50000 രൂപ | | SRG<br>PTA<br>OSA<br>SSA<br>മാനേജർ<br>പഞ്ചായത്ത് |

**മേഖല : സാമൂഹികം** **പദ്ധതി : എന്റെ വക ഒരു പുസ്തകം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ<br>➢ ലൈബ്രറി വിപുലീകരിക്കൽ | ➢ സമൂഹത്തിൽ നിന്നും സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ കണ്ടെത്തൽ | വർഷം മുഴുവൻ | 2000 രൂപ | | SRG<br>PTA<br>OSA |

**മേഖല : സാമൂഹികം** **പദ്ധതി : പുസ്തകവെളിച്ചം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ<br>➢ വായന പ്രോത്സാഹിപ്പിക്കൽ | ➢ സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി രക്ഷിതാക്കൾ വായനാതല്പരർ എന്നിവർക്ക് വായിക്കുവാൻ നൽകൽ<br>➢ നല്ല വായനക്കാരനെ ആദരിക്കൽ | വർഷം മുഴുവൻ | 2000 രൂപ | | SRG<br>PTA<br>OSA |

**മേഖല : സാമൂഹികം** **പദ്ധതി : പൂർവ്വവിദ്യാർത്ഥി സംഗമം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | ➢ പൂർവ്വവിദ്യാർത്ഥിസംഗമം വിളിച്ചുചേർക്കൽ<br>➢ വിദ്യാലയവികസനത്തിനു പൂർവ്വവിദ്യാർത്ഥികളുടെ സഹായം ഉറപ്പാക്കൽ | വർഷത്തിൽ ഒരുതവണ | 5000 രൂപ | | SRG<br>PTA<br>OSA<br>മാനേജർ |

**മേഖല : സാമൂഹികം** **പദ്ധതി : ആഘോഷങ്ങൾ/ദിനാചരണങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | ➢ ആഘോഷങ്ങൾ/ദിനാചരണങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | വർഷം മുഴുവൻ | 10000 രൂപ | | SRG<br>PTA<br>OSA<br>മാനേജർ |

**മേഖല : സാമൂഹികം** **പദ്ധതി : ബോധവൽക്കരണ ക്ലാസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പ്രതീക്ഷിത ചെലവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| ➢ സാമൂഹിക പങ്കാളിത്തത്തോടെ ലഹരിക്കും സാമൂഹിക തിന്മകൾക്കുമെതിരെ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ | ➢ SRG ചേർന്ന് ദിവസം നിശ്ചയിക്കുന്നു<br>➢ നോട്ടീസ് തയ്യാറാക്കുന്നു<br>➢ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒരുതവണ | 2000 രൂപ | | SRG<br>PTA<br>OSA |

# ഉപസംഹാരം

വിദ്യാഭ്യാസ രംഗത്തെ അനിയന്ത്രിതമായ ദുഷ്പ്രവണതകൾ മൂലം പൊതുവിദ്യാഭ്യാസ മേഖലയും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളും ഇന്ന് ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. ഇത് മനുഷ്യനെ മൂല്യബോധമുള്ളവനും സംസ്കാരസമ്പന്നനുമാക്കി മാറ്റുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. ഇത്തരം പ്രതിസന്ധികളിൽ നിന്നും പൊതുവിദ്യാഭ്യാസരംഗത്തേയും സമൂഹത്തെയും മാറ്റിയെടുത്ത് പൊതുവിദ്യാഭ്യാസമേഖലയെ ഉയർത്തികൊണ്ടുവരുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം . അതുകൊണ്ടുതന്നെ മൂല്യബോധമുള്ള സമൂഹം നിലനിൽക്കണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ് ഇതിൽ പങ്കാളിയാവുക എന്നത് .നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും നിലനിർത്തി കൂടുതൽ ഉയരങ്ങളിലേക്ക് നമ്മുടെ കുട്ടികളെയും നാടിനേയും നയിക്കുവാൻ ഈ വികസനപദ്ധതി ഉപകരിക്കുമെന്നും അതിനായി ഏവരുടേയും സഹായസഹകരണങ്ങൾ ഉണ്ടാകുമെന്നും സവിനയം പ്രതീക്ഷിക്കുന്നു.